പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5918** **07. 07. 2014 -** ലെ മറുപടി

## ഇറാഖിലെ ആഭ്യന്തരയുദ്ധത്തിൽപ്പെട്ട് നാട്ടിലെത്താൻ കഴിയാത്ത മലയാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഇറാഖിലെ ആഭ്യന്തരയുദ്ധത്തിൽപ്പെട്ട് നാട്ടിലെത്താൻ കഴിയാത്ത എത്ര മലയാളികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) ഇറാഖിലെ ആഭ്യന്തരയുദ്ധത്തിൽപ്പെട്ട് നാട്ടിലെത്താൻ കഴിയാത്ത മലയാളികളുടെ കൃത്യമായ എണ്ണം ലഭ്യമായിട്ടില്ല. എന്നാൽ നോർക്ക വകുപ്പ് ഏർപ്പെടുത്തിയ ഹെൽപ് ലൈനിൽ ഇതുവരെ 284 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി ) ഇറാഖിൽ കഴിയുന്ന മലയാളികളുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടി എന്തെല്ലാമാണ്;<br><br>(സി) ഇവരെ സുരക്ഷിതമായി നാട്ടിൽ കൊണ്ടുവരാനും പുനരധിവസിപ്പിക്കാനും ഒരു പാക്കേജ് ഉണ്ടാക്കുമോ; ഉണ്ടാക്കുമെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ബി & സി) വിദേശ രാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടുന്നതിന് പരിമിതികളുണ്ട്. ഇറാഖിൽ ആഭ്യന്തര യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ അവിടെയകപ്പെട്ട കേരളീയരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരെ അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ആദ്യം മുതൽ തന്നെ ബഹു. മുഖ്യമന്ത്രി കത്ത് മുഖേനയും ടെലിഫോണിലൂടെയും ബഹു. പ്രധാനമന്ത്രിയുടെയും ബഹു. വിദേശകാര്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബാഗ്ദാദിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ നടപടി എന്ന നിലയിൽ 24 മണിക്കൂറും സജീവമായ ഹെൽപ് ലൈൻ സംവിധാനം നോർക്ക – റൂട്ട്സിൽ |

ഏർപ്പെടുത്തുകയും ചെയ്തു. ഇറാഖിലെ വിവിധ മേഖലകളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാരെ അടിയന്തിരമായി തിരികെയെത്തിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇവരിൽ ആവശ്യമായ യാത്രാരേഖയില്ലാത്തവരുടെ രേഖകൾ അടിയന്തിരമായി ശരിയാക്കുന്നതിനും അവർക്ക് രാജ്യം വിടുന്നതിനുള്ള അനുമതി ഉൾപ്പെടെ ലഭ്യമാക്കി ആവശ്യമെങ്കിൽ പ്രത്യേക വിമാനം ഏർപ്പാട് ചെയ്ത് അവരെ നാട്ടിലെത്തിക്കുന്നതിനും അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ഡൽഹിയിൽ വിദേശകാര്യ മന്ത്രിയുമായും മറ്റ് ബന്ധപ്പെട്ടവരുമായും നിരന്തരമായി നടത്തിയ ചർച്ചകളുടെയും ഇടപെടലുകളുടേയും ഫലമായി ഇറാഖിലെ സംഘർഷമേഖലയിൽ കുടുങ്ങിയ 45 മലയാളി നഴ്സുമാരെ പ്രത്യേക വിമാനത്തിൽ സുരക്ഷിതമായി നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇപ്രകാരം ഇറാഖിൽ നിന്നും തിരിച്ചെത്തിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ